പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 692 — 02.12.2015 -ൽ മറുപടിക്ക്

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലിചെയ്യുന്ന വെൽഫയർ സെന്ററുകളുടെ വാടക കുടിശിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യ മേഖലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലിചെയ്യുന്ന വെൽഫയർ സെന്ററുകളുടെ വാടക കുടിശിക എന്തുകൊണ്ടാണ് സർക്കാർ നൽകാത്തതെന്ന് വ്യക്തമാക്കുമോ ; | (എ) | ഫാമിലി വെൽഫയർ സബ്സെന്ററുകളുടെ വാടക മുൻവർഷങ്ങളിൽ എൻ.ആർ.എച്ച്.എം വഴിയാണ് നൽകിയിരുന്നത്. ഇപ്പോൾ അവിടെ ഫണ്ട് ലഭ്യമല്ലാത്തതിനാണ് നൽകാൻ കഴിയാത്തത്. എൻ.ആർ.എച്ച്.എം -ൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആലപ്പുഴ, കൊല്ലം, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇപ്പോൾ അവിടത്തെ വാടക കുടിശ്ശികയുടെ ലിസ്റ്റ് നൽകിയതനുസരിച്ച് ആയതിനുള്ള ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | വാടക നൽകാത്തതു സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർമാരോ ആരോഗ്യ വകുപ്പ് ഡയറക്ടറോ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ, എങ്കിൽ ആയത് ശ്രദ്ധയിൽ പെട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ആലപ്പുഴ, കൊല്ലം, മലപ്പുറം എന്നീ ജില്ലാ മെഡിക്കൽ ഓഫീസർമാർ അവിടെയുള്ള ഫാമിലി വെൽഫയർ സബ്സെന്ററുകളുടെ വാടക കുടിശ്ശികയുടെ ലിസ്റ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന 26.11.2015 -ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | വാടക കുടിശികയായതുമൂലം കെട്ടിടം ഒഴിയണമെന്ന് ഉടമകൾ ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്നും ഇപ്രകാരം വാടക നൽകാത്തതുമൂലം കെട്ടിടം ഒഴിയേണ്ടിവന്നാൽ അതിൽ പ്രവർത്തിക്കുന്ന വെൽഫയർ സെന്ററുകളിൽ നിന്നുമുള്ള സേവനം കുട്ടികൾക്കും സ്ത്രീകൾക്കും എങ്ങനെ നൽകുമെന്ന് വ്യക്തമാക്കുമോ ; | (സി) | വാടക കെട്ടിടം ഒഴിയണമെന്ന് ഉടമകൾ ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളുടെ വാടക എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയതു കഴിവതും വേഗം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ